"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ്ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ്): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നതിനിടെ വൈദ്യുതി അപകടം ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട് - ഡിവിഷൻ തല സേഫ്റ്റി കമ്മറ്റികളിൽ കരാർ തൊഴിലാളികളുടെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ഡി)

ബോ. ഉ (എഫ്.ടി. ഡി) നം : 1050/2018 (സി.എസ്.സി/സേഫ്റ്റി/ 2018) തിരുവനന്തപുരം തീയതി : 21. 04.2018.

പരാമർശം : 1. ചീഫ് സേഫ്റ്റി കമ്മിഷണറുടെ 06.04.2018 ലെ സി.എസ്.സി/ആക്സിഡന്റ് / 2018/158 നമ്പറിലുള്ള കുറിപ്പ്

ഉത്തരവ്

2018-ൽ ഇതുവരെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ കരാർ തൊഴിലാളികൾ ജോലിചെയ്യുന്നതിനിടെ ഉണ്ടായ ചില വൈദ്യുതി അപകടങ്ങൾ താഴെ വിവരിക്കുന്നു

1. പോത്താനിക്കാട് സെക്ഷനിൽ 21.03.2018 നു ഉണ്ടായ കരാർ ജീവനക്കാരന്റെ അപകട മരണത്തിന്റെ കാരണം സെക്ഷനിലെ ജീവനക്കാരും ടി വർക്കിലെ കരാർ തൊഴിലാളികളുമായുള്ള കോർഡിനേഷന്റെ അഭാവമാണ്.
2. കരുവാറ്റയിൽ 02.02.2018 നു ഉണ്ടായ ഉണ്ടായ കരാർ ജീവനക്കാരന്റെ അപകടമരണം ഓഫീസിന്റെ അറിവോ സമ്മതമോ കൂടാതെ സ്ട്രീറ്റ് മെയിൻ കൺട്രോൾ മാറ്റി സ്ഥാപിക്കാൻ കരാർ ജീവനക്കാർ മാത്രമായി വന്ന് പണി ചെയ്തത് മൂലമാണ്. ബോർഡ് ജീവനക്കാരുടെ അറിവോ സമ്മതമോ ഇല്ലാതെ കരാർ ജീവനക്കാർ ലൈനുകളിൽ പണിയെടുക്കുന്നുവെങ്കിൽ അത് ഗുരുതരമായ സുരക്ഷാ വീഴ്ചയാണ്. സെക്ഷനിലെ ജീവനക്കാരും ടി വർക്കിലെ കരാർ തൊഴിലാളികളുമായുള്ള കോർഡിനേഷന്റെ അഭാവമാണ് അപകടകാരണം.
3. ആലപ്പുഴ ട്രാൻസ്മിഷൻ ഡിവിഷന്റെ പരിധിയിൽ 07.02.2018-നു 33 കെ വി ലൈനിൽ ജോലി ചെയ്യവെ കരാർ ജീവനക്കാരൻ 14 മീറ്റർ പൊക്കമുള്ള എ പോളിൽ നിന്നും വീഴുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തത്, പോസ്റ്റിൽ നിന്നും വീണപ്പോൾ തറയിൽ വന്നിടിക്കാതിരിക്കാനായുള്ള ഹാംഗിഗ് ടൈപ്പ് ഫാൾ അറസ്റ്റിംഗ് സംവിധാനമുള്ള സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കാത്തതു മൂലമാണ്. പ്രസരണ വിഭാഗം നിലവിലുള്ള വിതരണ ലൈനിൽ നടത്തിയ പ്രവർത്തിക്കിടെയാണ് അപകടമുണ്ടായത്.
4. 31.03.2018 നു എടച്ചേരി സെക്ഷനിൽ കരാർ ജീവനക്കാരനുണ്ടായ വൈദ്യുത അപകടം വർക്ക് കഴിഞ്ഞ് ലൈൻ ചാർജ്ജ് ചെയ്ത് സപ്ളൈ ശരിയായ നിലയിലാണോ എന്ന് ഉറപ്പാക്കാതെ ബോർഡ് ഉദ്യോഗസ്ഥർ പോകുകയും ചാർജ്ജ് ചെയ്ത ശേഷം കണ്ടെത്തിയ തകരാർ ശരിയാക്കാൻ ബോർഡ് ഉദ്യോഗസ്ഥരുടെ അനുമതിയില്ലാതെ വീണ്ടും കയറിയ കരാർ തൊഴിലാളിക്ക് ഷോക്കേൽക്കുകയുമാണുണ്ടായത്.

5. കാസറഗോഡ് നെല്ലിക്കുന്ന് സെക്ഷനിൽ 29.03.2018 ന കരാർ ജീവനക്കാരൻ മരിച്ചത് തെരുവ് വിളക്ക് നന്നാക്കുന്നതിനിടെയാണ്. ടി ഓഫീസിലെ വർക്കുകൾ ചെയ്യുന്ന കരാർ ജീവനക്കാരനെ സ്ഥലം പഞ്ചായത്ത് മെമ്പർ തെരുവ് വിളക്ക് നന്നാക്കാൻ ഉപയോഗിച്ചപ്പോഴാണ് ഷോക്കേറ്റ് മരണമുണ്ടായത്.

കൃത്യമായ സൂപ്പർവിഷന്റേയും കോർഡിനേഷന്റേയും അഭാവം മൂലം സമാനമായ നിരവധി അപകടങ്ങളാണ് കരാർ തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ളത്.

CEA Safety Regulation 2011 വകുപ്പ് 11 (2) പ്രകാരം കരാർ ജീവനക്കാർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താനുള്ളകടമ ലൈസൻസിക്കാണ്. CEA Safety Regulation 2011 വകുപ്പ് 6 (2) a അനുസ്സരിച്ച് കരാർ ജീവനക്കാരുടെ പ്രതിനിധി സേഫ്റ്റി കോ ർ ഡി നേ ഷ ൻ കമ്മറ്റിയി ൽ വേണമെന്നും അനുശാസ്സിക്കുന്നു.

CEA Safety Regulation 2010 വകുപ്പ് 29 അനുസ്സരിച്ച് വൈദ്യുതി ലൈനിൽ പണിയെടുക്കുന്ന കോൺട്രാക്ടർക്ക് ലൈസ്സൻസ് വേണമെന്നും നിഷ്കർഷിക്കുന്നുണ്ട്. CEA Safety Regulation നിയമം അനുശാസ്സിക്കുന്ന ഈ വകുപ്പുകൾ നടപ്പിലാക്കുകയും റെഗുലേഷൻ 6 & 7 നിഷ്കർഷിക്കുന്ന യോഗ്യത ലൈസ്സൻസിയുടെ സൂപ്പർവൈസർക്കുണ്ടാകുകയും ആ നിലയിൽ ജോലികൾ സൂപ്പർവൈസ് ചെയ്താലും മാത്രമേ കരാർ ജീവനക്കാർക്കുണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വതമായ പരിഹാരം ആകുകയുള്ളു.

നിലവിലുള്ള സാഹചര്യത്തിൽ ടി വകുപ്പുകൾ പ്രാവർത്തികമാക്കുന്നത് വരെ കരാർ തൊഴിലാളികളെ കൂടി കരാർ വർക്കുള്ള ദിവസം ഇലക്ട്രിക്കൽ സെക്ഷനിൽ കൂടുന്ന സൺറൈസ് മീറ്റിംഗിൽ പങ്കെടുപ്പിക്കുന്നതും അവർ ചെയ്യാൻ പോകുന്ന വർക്കുകൾ എന്തെന്നും മറ്റുമുള്ള വിശദാംശം അവരുടെ കൂടി സാന്നിധ്യത്തിൽ ചർച്ച ചെയ്യുകയും ചെയ്യുന്നത് ഒരു പരിധിവരെ അപകടം കുറയ്ക്കാൻ സഹായകരമാവും. ഇപ്പോഴാകട്ടെ സൺറൈസ് മീറ്റിംഗ് നടക്കുമ്പോൾ അതേ സെക്ഷനിൽ കരാർ ജോലി ചെയ്യേണ്ട തൊഴിലാളികൾ പുറത്ത് സൂപ്പർ വൈസറേയും കാത്തിരിക്കുകയോ അല്ലെങ്കിൽ ജോലി സ്ഥലത്ത് എത്തി പ്രാഥമിക ജോലികൾ ആരംഭിക്കുകയോ ചെയ്തിട്ടുണ്ടാകും. ചില സ്ഥലങ്ങളിൽ സൂപ്പർവൈസർ എത്താതെ തന്നെ വർക്ക് ചെയ്യാറുമുണ്ട്.

മേൽ സാഹചര്യത്തിൽ വർക്ക് സംബന്ധിച്ച് കരാർ തൊഴിലാളികളെ കൂടി പങ്കടുപ്പിച്ച് വർക്കും സുരക്ഷ രീതികളും ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കുമെന്നതിനാൽ കരാർ തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെ പ്രതിപാദിക്കുന്ന കാര്യങ്ങൾ പാലിക്കണമെന്ന് ബോർഡ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. എല്ലാ ഡിവിഷൻ തല സേഫ്റ്റി കമ്മറ്റികളിലും കരാർ തൊഴിലാളിയുടെ ഒരു പ്രതിനിധിയെ പങ്കെടുപ്പിക്കണം.എല്ലാ ഡിവിഷൻ തല സേഫ്റ്റി കമ്മറ്റി ചെയർമാന്മാരും കരാർ തൊഴിലാളിയുടെ ഒരു പ്രതിനിധിയെ പങ്കെടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

2. കരാർ തൊഴിലാളികൾ വർക്ക് ചെയ്യുന്ന ദിവസങ്ങളിൽ ടി വർക്ക് സംബന്ധിച്ച് കരാർ തൊഴിലാളികളെ കൂടി പങ്കെടുപ്പിച്ച് വർക്കും സുരക്ഷാരീതികളും ആ ദിവസത്തെ സൺറൈസ് മീറ്റിംഗുകളിൽ ചർച്ച ചെയ്യണം. ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപ്പിലാക്കുന്നുണ്ടെന്ന് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ഉറപ്പുവരുത്തണം.

ഫുൾ ടൈം ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ് /-
സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ (സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)